LIBRARY ARCHIVES Kerala Legislative Assembly

## VI റിപ്പോർട്ട് പരിഗണന

### കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## VII ധനകാര്യം

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേക്ക് 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റുമെന്റുകൾ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനകളുടെയും 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലേക്കുള്ള അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റുമെന്റുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1.00 PM]

## VIII ക്രമപ്രശ്നം

### ബിൽഡിംഗ് റൂൾസിൽ ഇളവ് നൽകുന്നത് സംബന്ധിച്ച്

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999 ചാപ്റ്റർ 5-ൽ ഫയർ സുരക്ഷയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള 44-ാം വകുപ്പിൽ പറയുന്നത്, All requirements in resepct of fire protection shall be as in part IV, Fire Protection in National Building Code of India, 1983 and amendment No. 3 under Fire Protection Annexure II എന്നാണ്. ഇതനുസരിച്ച് കേന്ദ്രത്തിന്റെ നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ ഫയർ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട് എന്ത് പറയുന്നോ അതുതന്നെയാണ് കേരള മുനിസിപ്പൽ